*ഭരണഭാഷ-മാതൃഭാഷ*

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
Tele FAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3-6512/2013/സിഇ/തസ്വഭവ

തീയതി : 11.03.2015

## സർക്കുലർ

വിഷയം:- CPWD സ്പെസിഫിക്കേഷൻ, ഡി.എസ്.ആർ എന്നിവയിലെ പരിശീലനം - സംബന്ധിച്ച്

സൂചന : കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 11.03.2015-ൽ നടന്ന യോഗനടപടിക്രമം.

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷനുമായുള്ള ചർച്ചയിൽ തസ്വഭവ സ്ഥാപനങ്ങളിലെ ചില എഞ്ചിനീയർമാർ സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ സംബന്ധിച്ച് പരിശീലനം ലഭിക്കാത്തത് കാരണം എസ്റ്റിമേറ്റ് തയ്യാറാക്കാൻ വിമുഖത കാണിക്കുന്നതായി അറിയിച്ചിരുന്നു. ആയതിൻപ്രകാരം കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ നിർദ്ദേശാനുസരണം സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ, ഡി.എസ്.ആർ നിരക്കുകളിൻമേൽ ഒരു ഏകദിന പരിശീലന പരിപാടി 19.03.2015-ന് രാവിലെ 10 മണി മുതൽ തൃശ്ശൂർ കിലയിൽ വച്ച് സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത പരിപാടിയിൽ ടി വിഷയത്തിൽ ഇതുവരെ പരിശീലനം ലഭിച്ചിട്ടില്ലാത്ത അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും പങ്കെടുക്കാവുന്നതാണ്. താൽപ്പര്യമുള്ളവരുടെ പേരുവിവരം അതത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ശേഖരിക്കേണ്ടതും, ആയത് 14.03.2015-ന് മുൻപ് കിലയെ (mail@kilaonline.org, kilathrissur@gmail.com) അറിയിക്കേണ്ടതും ആണ്.

ട്രെയിനിംഗിൽ പങ്കെടുക്കുന്നവർ സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ, ഡി.എസ്.ആർ നിരക്കുകൾ എന്നിവ സംബന്ധിച്ച് ഒരു പ്രാഥമിക തയ്യാറെടുപ്പ് നടത്തി വേണം പരിശീലനത്തിന് എത്തുവാൻ. ഈ വിഷയത്തിൽ ഇനിയൊരു ട്രെയിനിംഗ് സംഘടിപ്പിക്കുന്നതല്ല.

ചീഫ് എൻജിനീയർ

PVR/-